പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3924 — 21.6.2018 -ൽ മറുപടിയ്ക്ക്

**ഡ്രീം സീസൺ പദ്ധതി**

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | ടൂറിസം വകുപ്പിന്റെ ഡ്രീം സീസൺ പദ്ധതിക്കായി ഇത്തവണ ചെലവഴിച്ച തുക എത്രയാണ് ; വിശദമാക്കുമോ ; | എ) | കേരള ടൂറിസം വകുപ്പ് ഏപ്രിൽ മാസം മുതൽ നടത്തി വരുന്ന ഡ്രീം സീസൺ പ്രൊമോഷൻ പദ്ധതി ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ എന്ന പേരിലാണ് അവതരിപ്പിക്കുന്നത്. 2018-19 വർഷം ഇതിനായി സർക്കാർ 7,67,63,755/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെലിവിഷൻ സിനിമകൾ, എയർപോർട്ട് ഡിസ് പ്ലേ, ഡൽഹി മെട്രോ-കൊൽക്കത്ത ട്രാം ബ്രാന്റിംഗ് എന്നിവയാണ് ഇത്തവണ ഇതിന്റെ ഭാഗമായി അവതരിപ്പിക്കുന്നത്. ടി ക്യാമ്പയിൻ നടന്നു വരുന്നു. തുക ഇതുവരെയും ചെലവഴിച്ചു തുടങ്ങിയിട്ടില്ല |
| ബി) | മഴക്കാല സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പരിപാടികൾ വിശദമാക്കുമോ ? | ബി) | മഴക്കാല സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാനായാണ് ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഇതിനായി ഇത്തവണ 'Come Out and Play' എന്ന പേരിലാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. വയനാട് കേന്ദ്രീകരിച്ച് മഡ് ഫുട്ബോൾ നടത്തുന്നതിനും മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ